# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 23**

---

## സാംസ്കാരിക വൈവിധ്യ വിരുന്നൊരുക്കി 31 രാജ്യങ്ങളിലെ വിദ്യാർഥികൾ

ഇന്ത്യ മുതൽ കൊളംബിയ വരെയുള്ള 31 രാജ്യങ്ങളിലെ വിദ്യാർഥികളുടെ സംഗമം സാംസ്കാരിക വൈവിധ്യത്തിന്റെ വിരുന്നായി. സ്വന്തം രാജ്യത്തെ അഭിമാനത്തോടെ പരിചയപ്പെടുത്തിയ അവർ തനത് കലാരൂപങ്ങളും അവതരിപ്പിച്ചു. ചിലരാകട്ടെ നാട്ടിലെ ഭക്ഷണ വിഭവങ്ങൾ സദസ്യർക്ക് വിളമ്പി. എം.ജി സർവകലാശലയിൽ നടന്ന വിദേശ വിദ്യാർഥികളുടെ സംഗമമായിരുന്നു വേദി.

സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും സംസ്ഥാനത്തെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർഥികൾ പങ്കെടുത്തു. ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ (ഐ.സി.സി.ആർ) സാംസ്കാരിക വിനിമയ പ്രവർത്തനങ്ങളുടെ ആശയമുൾക്കൊ സർവകലാശാലയിലെ സെന്റർ ഫോർ ഇന്റനാഷണൽ കോ-ഓപ്പേറഷൻ (യു.സി.ഐ.സി) ആണ് പരിപാടി സംഘടിപ്പിച്ചത്.

എസ്വാതിനി, സെനഗൾ, സാംബിയ, അഫ്ഗാനിസ്ഥാൻ, കൊളംബിയ, മഡാഗാസ്കർ, ഉഗാ , ഇന്തോനേഷ്യ, റുവാൻഡ, കെനിയ, ശ്രീലങ്ക, ബുറു ി, ടോഗോ, നമീബിയ, നൈജീരിയ, ദക്ഷിണ സുഡാൻ, മലാവി, മൗറീഷ്യസ്, ഇറാഖ്, മാലി, ബംഗ്ലാദേശ്, ബോട്ട്സ്വാന, ഇറാൻ, താൻസാനിയ, ലെസോത്തോ, വിയറ്റ്നാം, നേപ്പാൾ, ഝാഡ്, എത്യോപ്യ, യെമൻ എന്നീ വിദേശ രാജ്യങ്ങളിലെ വിദ്യാർഥികളാണ് പരിപാടിയിൽ പങ്കെടുത്തത്. ഇതോടൊപ്പം ഇന്ത്യൻ വിദ്യാർഥികളുടെ പ്രതിനിധികളും വേദിയിലെത്തി.

യു.സി.ഐ.സി ഡയറക്ടർ ഡോ. സജിമോൻ ഏബ്രഹാം അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് ആമുഖ പ്രഭാഷണം നടത്തി. ഐ.സി.സി.ആർ മേഖലാ ഡയറക്ടർ പ്രദീപ് കുമാർ ഓൺലൈനിൽ വിദ്യാർഥികളുമായി സംവദിച്ചു. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. ടോണി കെ. തോമസ്, പ്രഫ. സജ്ന ജലീൽ തുടങ്ങിയവരും പങ്കെടുത്തു.

ഫോട്ടോ ക്യാപ്ഷൻ....

1.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന വിദേശ വിദ്യാർഥികളുടെ സാംസ്കാരിക വൈവിവിധ സംഗമത്തിൽ  റുവാ യിൽനിന്നുള്ള വിദ്യാർഥികൾ അവതരിപ്പിച്ച നൃത്തം.

2

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന വിദേശ വിദ്യാർഥികളുടെ സാംസ്കാരിക വൈവിവിധ സംഗമത്തിൽ കൊളംബിയയിൽനിന്നുള്ള ഇലിയാന എസ്പിതിയ നൃത്തം അവതരിപ്പിക്കുന്നു.

***(പി.ആർ.ഒ/39/769/2024)***

## ഓണേഴ്സ് ബിരുദം പ്രവേശനം ഇന്ന് പൂർത്തിയാകും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിനുള്ള നടപടികൾ ഇന്ന് പൂർത്തിയാകും. ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ അന്തിമ അലോട്ട്മെന്റ്(മൂന്നാം ഘട്ടം) പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് ഇന്ന് (ഓഗസ്റ്റ് 24) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

***(പി.ആർ.ഒ/39/770/2024)***

## പിജി; അന്തിമ അലോട്ട്മെന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ പിജി പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ അന്തിമ അലോട്ട്മെന്റ്(മൂന്നാം ഘട്ടം) പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് ഇന്നു(ഓഗസ്റ്റ് 24) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

***(പി.ആർ.ഒ/39/771/2024)***

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എംഎസ്സി  അനലറ്റിക്കൽ കെമിസ്ട്രി, (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി  ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ആറു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

-------------------------

നാലാം സെമസ്റ്റർ പിജിസിഎസ് എംഎസ്സി  സൈക്കോളജി  (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി  ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ആറു വരെ ഓൺലൈനിൽ

അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.
***(പി.ആർ.ഒ/39/772/2024)***

## പ്രാക്ടിക്കൽ

ര ാം സെമസ്റ്റർ എംഎ സിഎസ്എസ് (2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ മ്യൂസിക് വോക്കൽ, മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 27ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

-------------------------

ര ാം സെമസ്റ്റർ ബിഎസ്സി ബയോകെമിസ്ട്രി കോംപ്ലിമെന്ററി സി ബി സി എസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 29 മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.

-------------------------

ര ാം സെമസ്റ്റർ ബിഎസ്സി ഫിസിക്സ് (സി ബി സി എസ് -2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 29 മുതൽ കോളേജുകളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

-------------------------

ര ാം സെമസ്റ്റർ എംഎ സിഎസ്എസ് ( 2023 അഡ്മിഷൻ റെഗുലർ 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ വയലിൻ, മദ്ദളം പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ ര ് മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
***(പി.ആർ.ഒ/39/773/2024)***

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ര ാം സെമെസ്റ്റർ എംഎ സിറിയക് (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് സെപ്റ്റംബർ ര ് വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. സെപ്റ്റംബർ മൂന്നിന് ഫൈനോടു കൂടിയും നാലിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും
***(പി.ആർ.ഒ/39/774/2024)***

**പബ്ലിക് റിലേഷൻസ് ഓഫീസർ**